WCD/D1-5551/2020

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി:16.09.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് - ഡയറക്ടറേറ്റ് - കീഴ്ഷാര്യാലയങ്ങളിൽ (പ്രോഗ്രാം ഓഫീസ്, ICDS) കരാർ വാഹനങ്ങളെടുക്കുന്നതിന് ടെണ്ടർ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന: 1. വനിത ശിശു വികസന ഡയറക്ടറുടെ 25.08.2020 ലെ സർക്കുലർ നമ്പർ D1/5551/2020

2. സർക്കാർ ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പിലെ 13.08.2020 ലെ നം. ww/ww2/97/2019/ധന(e-1146428) നമ്പർ കത്ത്.

സൂചന (1) സർക്കുലർ പ്രകാരം കീഴ്ക്കാര്യാലയങ്ങളിലെ കരാർ വാഹനങ്ങളുടെ കാലാവധി 30.09.2020 വരെ ദീർഘിപ്പിച്ചിരുന്നു. സൂചന (2) ലെ സർക്കാർ നിർദ്ദേശ പ്രകാരം ഇലക്ട്രിക് വാഹനം കരാറിൽ എടുക്കണമെന്ന വ്യവസ്ഥയിൽ ഇളവ് ചെയ്ത് മുൻ വർഷങ്ങളിലെ അതേ വ്യവസ്ഥകൾക്ക് വിധേയമായി 2020-21 സമ്പത്തിക വർഷം വാഹനങ്ങൾ കരാറിൽ എടുത്ത് ഉപയോഗിക്കുന്നതിന് നിർദ്ദേശിച്ച സാഹചര്യത്തിൽ വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള പ്രോഗ്രാം ഓഫീസുകളിലും ഐസിഡിഎസ് പ്രോജക്ടുകളിലും കരാർ അടിസ്ഥാനത്തിൽ വാഹനമെടുക്കുന്നതിന് ടെണ്ടർ നടപടികൾ ആരംഭിക്കേണ്ടതും എന്നാൽ ടെണ്ടർ നടപടി പൂർത്തീകരിച്ച് വനിത ശിശു വികസന ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കുന്നതിന് കാലതാമസം നേരിടേണ്ടി വരുമെന്നുള്ളതിനാൽ പ്രോഗ്രാം ഓഫീസ്, ICDS എന്നിവിടങ്ങളിലെ നിലവിലെ കരാർ വാഹനങ്ങളുടെ കാലാവധി 31.10.2020 വരെ ദീർഘിപ്പിച്ചുകൊണ്ടും അനുമതി നൽകുന്നു. ടെണ്ടർ വ്യവസ്ഥകൾക്കനുസൃതമായി സെപ്റ്റംബർ 30 നകം ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. വനിത ശിശു വികസന ഡയറക്ടറുടെ 31.03.2018 ലെ പരിപത്രത്തിലെ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ടായിരിക്കണം ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടത്. പ്രോഗ്രാം ഓഫീസുകളും ഐസിഡിഎസ് പ്രോജക്ട് ഓഫീസുകളും ഒഴികെയുള്ള മറ്റു കീഴ്ക്കാര്യാലയങ്ങളിൽ e-vehicle നിബന്ധനയിൽ വ്യക്തത ലഭിച്ചശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കേണ്ടതുള്ളൂ.

വനിത ശിശു വികസന ഡയറക്ടർ ക്കു വേണ്ടി)

പകർപ്പ്:

1. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയർ/ സ്പെയർ

P/20